# തുഞ്ചത്തെഴുത്തച്ഛൻ
# മലയാളസർവകലാശാല

## പിഎച്ച്.ഡി പ്രവേശനപരീക്ഷ

## ഫെബ്രുവരി – 2024

# വിവർത്തനം – താരതമ്യപഠനം

3 മണിക്കൂർ                                                                 100 മാർക്ക്

I ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക (20x1=20)

1. വിക്ടർ ഹ്യൂഗോവിന്റെ 'ലേ മിസറബിൾ' എന്ന നോവൽ 'പാവങ്ങൾ' എന്ന പേരിൽ മലയാളത്തിലേക്ക് ആദ്യമായി വിവർത്തനം ചെയ്തതാര്?
2. ബദ്ധരൂപിമം (Bound Morpheme) എന്നാൽ എന്ത്?
3. 'ലോകസാഹിത്യം' എന്ന സങ്കൽപ്പം ആദ്യമായി അവതരിപ്പിച്ചതാര്?
4. വാമനൻ, ദണ്ഡി, ഭാമഹൻ, ഭോജൻ, ആനന്ദവർധനൻ –ഇവരെ കാലക്രമത്തിൽ വിന്യസിക്കുക.
5. 'മനുഷ്യനൊരാമുഖം' എന്ന നോവൽ 'Preface to Man' എന്ന പേരിൽ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തതാര്?
6. 'അൺകാനി' എന്ന ആശയം അവതരിപ്പിച്ചതാര്?
7. 'മലയാളസാഹിത്യവും ക്രിസ്ത്യാനികളും' എന്ന പേരിൽ ശ്രീ. പി. ജെ. തോമസ് എഴുതിയ ഒരു കൃതി 1989-ൽ കോട്ടയത്തെ ഡി.സി. ബുക്ക്സ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ വിവരങ്ങൾ ഗവേഷണപ്രബന്ധത്തിന്റെ ഗ്രന്ഥസൂചിയിൽ എങ്ങിനെയായിരുക്കും രേഖപ്പെടുത്തുക?
8. വിവർത്തനത്തിലെ ബഹുവ്യവസ്ഥാ സിദ്ധാന്തം (Poly System Theory) അവതരിപ്പിച്ചതാര്?
9. അർത്ഥാന്തരന്യാസം എന്ന അലങ്കാരത്തിന്റെ ലക്ഷണമെന്ത്?
10. 'ഹയവദന' ആരുടെ നാടകമാണ്?
11. 'Orientalism' എന്നതിന് തത്തുല്യമായ മലയാളപദം ഏത്?
12. 'സമമൂല്യത' യെ സംബന്ധിച്ച വിവർത്തന സിദ്ധാന്തം അവതരിപ്പിച്ചതാര്?
13. 'നന്നൂലി'ലെ പ്രതിപാദ്യമെന്ത്?
14. 'കഥാർസിസ്' എന്ന ആശയം അവതരിപ്പിച്ചതാര്?
15. 'ഇന്ദുലേഖ' ആദ്യമായി പ്രസിദ്ധീകരിച്ച വർഷമേത്?

16. ഓം പ്രകാശ് വാൽമീകിയുടെ 'ജൂഠൻ' ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തതാര്?

17. ശാസ്ത്രീയസമീപനം, പാസ്റ്റീഷ്, അപനിർമ്മാണം, സിമുലാക്ര ഇവയിൽ ഉത്തരാധുനികതയുമായി ചേരാത്ത സങ്കൽപ്പനം ഏത്?

18. 'അഭിനയ ഭാരതി' ആരുടെ കൃതിയാണ്?

19. ഭാഷാശാസ്ത്രത്തിലെ 'പ്രാഗ്മാറ്റിക്സ്' എന്തിനെക്കുറിച്ചാണ് പഠിക്കാൻ ശ്രമിക്കുന്നത്?

20. 'മലയാളത്തിന്റെ ഭാവി' എന്ന കൃതി ആരുടേതാണ്?

II ഏതെങ്കിലും പത്ത് ചോദ്യങ്ങൾക്ക് ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക (10x5=50)

21. താരതമ്യസാഹിത്യത്തിലെ ഫ്രഞ്ച് സ്കൂളിനെ പരിചയപ്പെടുത്തുക.

22. ആനന്ദവർധനന്റെ ധ്വന്യാ ലോകത്തെ പരിചയപ്പെടുത്തി ഒരു കുറിപ്പ് തയ്യാറാക്കുക.

23. വൈലോപ്പിള്ളിയുടെ 'കുടിയൊഴിക്കൽ' എന്ന കാവ്യത്തിന് ഒരാസ്വാദനം തയ്യാറാക്കുക.

24. കോളണിയനന്തരത (Post Coloniality) എന്നാലെന്ത്?

25. മധ്യകാല മണിപ്രവാളകൃതികളുടെ ചരിത്രപശ്ചാത്തലമെന്ത്?

26. 'ഡിനോട്ടേഷൻ', 'കൊണോട്ടേഷൻ' എന്നിവ എന്തെന്ന് വിശദമാക്കുക.

27. 'വക്രോക്തി' എന്നാലെന്ത്? വക്രോക്തിയെ കുന്തകൻ വിഭജിക്കുന്നതെങ്ങനെ?

28. 'കാൽപ്പനികത'യുടെ സവിശേഷതകൾ എന്തെല്ലാം?

29. സാഹിത്യ ചരിത്രങ്ങളെ വിമർശനാത്മകമായി വിലയിരുത്തേണ്ടതിന്റെ ആവശ്യമെന്ത്?

30. 'ഇന്ത്യൻ താരതമ്യസാഹിത്യപഠന'ത്തിന്റെ സവിശേഷതകൾ എന്തെല്ലാം?

31. മലയാളത്തിന്റെ 'ഭരണഭാഷാ പദവി' വിലയിരുത്തുക?

32. 'പരികൽപ്പന' എന്നാലെന്ത്? ഗവേഷണത്തിൽ ഇതിനുള്ള പ്രാധാന്യമെന്ത്?

33. താരതമ്യസാഹിത്യപഠനത്തിൽ 'ടാഗോറിന്' സവിശേഷമായ സ്ഥാനമുണ്ട് -എന്തുകൊണ്ട്?

III ഏതെങ്കിലും ഒരു ചോദ്യത്തിന് ആറുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക (10x1=10)

34. ബിരുദാനന്തര ബിരുദതലത്തിൽ നിങ്ങൾ തയ്യാറാക്കിയ ഗവേഷണപ്രബന്ധത്തെ സ്വയം വിലയിരുത്തി ഒരു കുറിപ്പ് തയ്യാറാക്കുക.

35. 'അനുകൽപ്പനം' എന്നാലെന്ത് ? നിങ്ങൾ പരിചയിച്ച ഒരു മാതൃക പരിചയപ്പെടുത്തുക.

36. 'സംസ്കാരപഠന'ത്തിന്റെ സവിശേഷതകളെന്തെല്ലാം?

IV (20x1=20)

37. ഗവേഷണം ചെയ്യാൻ ഉദ്ദേശിക്കുന്ന വിഷയത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ അടങ്ങുന്ന രൂപരേഖ മൂന്നുപുറത്തിൽ കവിയാതെ എഴുതുക.